**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5797** **08-07-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ***നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. 2023-24 സീസണിൽ കേന്ദ്ര സർക്കാർ അടിസ്ഥാന താങ്ങുവില (Minimum Support Price) 20.40 രൂപയിൽ നിന്ന് 1.43 രൂപ വർദ്ധിപ്പിച്ച് 21.83 രൂപ ആക്കിയിട്ടുണ്ട്.*** |
| (ബി) | പ്രസ്തുത വർദ്ധനവിന് ആനുപാതികമായി സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ***ഇല്ല.*** |
| (സി) | കേന്ദ്ര വിഹിതത്തിൽ ഉണ്ടായ വർദ്ധനവിന് തുല്യമായ തുക സംസ്ഥാന വിഹിതത്തിൽ നിന്ന് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | **സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഒരു കി.ഗ്രാം നെല്ലിന് കൈകാര്യച്ചെലവ് ഉൾപ്പെടെ 28.32 രൂപ കർഷകന് ലഭ്യമാക്കുന്ന രീതിയിൽ സംഭരണ വില ക്രമീകരിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്.** |
| (ഡി) | കേന്ദ്രവിഹിതത്തിലെ വർദ്ധനവ് മൂലം കർഷകർക്ക് ലഭിക്കേണ്ട നേട്ടം സംസ്ഥാന വിഹിതം വെട്ടിക്കുറയ്ക്കുന്നതിലൂടെ ഇല്ലാതാക്കുന്ന നടപടി ഒഴിവാക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ഖണ്ഡം (സി )യിൽ കണ്ടാലും |

സെക്ഷൻ ഓഫീസർ